# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികളിൽ ടൗൺ പ്ലാനിംഗ് വകുപ്പിനെ ഉൾപ്പെടുത്തൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4213. 20.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിലവിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്ത നഗരസഭകൾ/ കോർപ്പറേഷനുകൾ ഏതൊക്കെയാണെന്നും; ആയത് തയ്യാറാക്കുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ; | (എ) | നിലവിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്ത നഗരസഭകൾ/കോർപ്പറേഷനുകൾ ഇല്ല. ഇപ്പോൾ അംഗീകൃത മാസ്റ്റർപ്ലാനുകൾ ഇല്ലാത്ത എല്ലാ നഗരസഭകളുടെയും മാസ്റ്റർപ്ലാനുകൾ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയ നഗരസഭകൾ ഏതെല്ലാമെന്നും പ്രസ്തുത മാസ്റ്റർ പ്ലാനുകൾ നഗരസഭാ കൗൺസിലുകളിൽ അവതരിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/നഗരസഭ പ്രദേശങ്ങൾക്കും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ, മൂന്നു ഘട്ടമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും കരട് മാസ്റ്റർ പ്ലാൻ ആവശ്യമായ ഭേദഗതികളോടെ അന്തിമ അംഗീകാരം ലഭിക്കുന്നതിന് സമർപ്പിക്കുന്നതിനു മുമ്പ് പാസാക്കുന്നതിനും കൗൺസിൽ തീരുമാനങ്ങൾ ആവശ്യമാണ്. അതിനാൽ, കൗൺസിലിൽ അവതരിപ്പിച്ച ശേഷമാണ് കരട് മാസ്റ്റർ പ്ലാ ന് പ്രസിദ്ധീക രണ അനുമതി നൽകുന്നത് |
| (സി) | സംസ്ഥാനത്തെ മുഴുവൻ നഗര/ഗ്രാമ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികളിൽ ടൗൺ പ്ലാനിംഗ് വകുപ്പിനെ | (സി) | കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016ന്റെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ഗ്രാമപഞ്ചായത്തിനോ അതിന്റെ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | | സ്റ്റാന്റിംഗ് കമ്മിറ്റിക്കോ ആക്റ്റ് പ്രകാരം രൂപീകരിച്ച സ്പെഷ്യൽ കമ്മറ്റിക്കോ വർക്കിംഗ് ഗ്രൂപ്പിനോ ഈ ആക്റ്റ് പ്രകാരമുള്ള അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് നഗര-ഗ്രാമാസൂത്രണ വകുപ്പ് മാർഗ്ഗ നിർദ്ദേശവും ഉപദേശവും നൽകേ ണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് |
| (ഡി) | സംസ്ഥാനത്ത് ആരംഭിക്കുന്ന ഐ.ടി. പാർക്കുകൾ, ടെക്നോപാർക്കുകൾ, തുറമുഖങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, സേഫ്റ്റി സോണുകൾ എന്നിവയുടെ പദ്ധതികൾ അംഗീകരിക്കുന്ന സമയത്ത് ടൗൺ പ്ലാനിംഗ് വകുപ്പിനെ ഉൾപ്പെടുത്തി വേണ്ട മുൻകരുതലുകൾ എടുക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | പരിശോധിക്കുന്നതാണ് |
| (ഇ) | വൻകിട പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ട സമിതിയിൽ ചീഫ് ടൗൺ പ്ലാനറെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) | വൻകിട പദ്ധതികൾക്കുള്ള വ്യവസ്ഥകൾ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മാസ്റ്റർ പ്ലാനുകളിൽ ഇത്തരം പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കമ്മിറ്റിയിൽ ചീഫ് ടൗൺ പ്ലാനറെ അംഗമായി ഉ ൾക്കൊള്ളിച്ചിട്ടുണ്ട് |
| (എഫ്) | നിലവിൽ എത്ര ചീഫ് ടൗൺ പ്ലാനർമാരാണുള്ളതെന്നും ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (എഫ്) | നിലവിൽ മൂന്ന് ചീഫ് ടൗൺ പ്ലാനർമാരാണുള്ളത്. ചീഫ് ടൗൺ പ്ലാനർ (ഭരണവിഭാഗം) -ന്റെ ചുമതലകൾ അനുബന്ധം 1 -ആയിട്ടും, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ ചുമതലകൾ അനുബന്ധം 2- ആയിട്ടും ചേർത്തിരിക്കുന്നു ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ ചുമതലകൾ സംബന്ധിച്ച് പുറപ്പെടുവിച്ച 03/10/2013 ലെ സഉ(എം.എസ്) നം2459/13/ തസ്വഭവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**ചീഫ് ടൗൺ പ്ലാനർ (ഭരണവിഭാഗം) ന്റെ ചുമതലകൾ**

1) വകുപ്പ് മേധാവി മുഖ്യ നഗരാസൂത്രകൻ ആകയാൽ വകുപ്പിന്റെ ആസൂത്രണ പൊതുഭരണ സംബന്ധമായ എല്ലാവിധ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുക.

2) ഒരു ആസൂത്രകന്റെ ശ്രദ്ധയും അഭിപ്രായവും വേണ്ടിവരുന്ന സാഹചര്യങ്ങളിൽ വ്യഗ്രതയോടെ നിലകൊള്ളുക.

3) ഭരണപരമായ വിഷയങ്ങളിലെടുക്കുന്ന നയ തീരുമാനങ്ങൾ സർക്കാരിന്റെയോ വകുപ്പിന്റെയോ നയങ്ങളിൽ നിന്ന് ഒരുവിധത്തിലും വ്യതിചലിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.

4) കെട്ടിട നിർമാണം, ഭൂവികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, 1920 ടൗൺ പ്ലാനിംഗ് ആക്ട്, 1108, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്, 1920, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 1999, കേരള പഞ്ചായത്തു ബിൽഡിംഗ് റൂൾസ്, 2011 കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് 2016 മുതലായവയ്ക്കും വിവിധ മാസ്റ്റർ പ്ലാൻ/ഡെവലപ്മെന്റ് പ്ലാനുകളുടെ നിർദേശങ്ങൾക്കും വിധേയമായിട്ടുള്ളത് ആണോ എന്ന് സൂക്ഷ്മ പരിശോധന/സ്ഥല പരിശോധന നടത്തി ഉചിതമായി നടപടികൾ സ്വീകരിക്കുക.

5) വരും വർഷത്തിൽ നിർവഹിക്കേണ്ടുന്നതായി വരുന്ന വിവിധ ജോലികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വാർഷിക പ്രവർത്തന രൂപരേഖ (Annual Working Plan) തയ്യാറാക്കുകയും വകുപ്പ് പ്രവർത്തനങ്ങൾ ഈ രൂപരേഖക്കനുസൃതമാണ് പുരോഗമിക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതോടൊപ്പം കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർദേശിക്കുന്ന ജോലികളും ചെയ്യുക.

6) വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാമാസവും അവലോകന യോഗം കൂടുക.

7) പ്രാബല്യത്തിലിരിക്കുന്ന എല്ലാ ആസൂത്രണ നിയമ സംഹിതകൾ നടപ്പിൽ വരുത്തുമ്പോൾ അഭിമുഖീകരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുക.

8) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സർക്കാരിന്റെ പൊതുതാല്പര്യാർത്ഥമോ സംസ്ഥാനത്തിന്റെ പ്രത്യേകതാത്പര്യാർത്ഥമോ നിർദേശിക്കുന്ന ജോലികൾ നിറവേറ്റുക.

9) ഭരണപരമായ വിഷയങ്ങളിൽ മേഖലാ/ജില്ലാ കാര്യാലയങ്ങൾക്ക് വേണ്ടുന്ന നിർദേശങ്ങളും സഹായങ്ങളും കൊടുക്കുക.

10) ചീഫ് ടൗൺ പ്ലാനറുടെ സാങ്കേതിത ഉപദേശങ്ങൾ ആവശ്യമായ കമ്മിറ്റികളിൽ പങ്കെടുക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയുംചെയ്യുക.

11) നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് സാങ്കേതികോപദേശം നൽകുക.

12) ഈ വിഷയവുമായി ബന്ധപ്പെട്ട ആക്റ്റുകളുടേയും, റൂളുകളുടേയും കരടുകൾ തയ്യാറാക്കുക മുതലായവയാണ്.

സെക്ഷൻ ഓഫീസർ

## ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ ചുമതലകൾ

1) കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016-ൽ അനുശാസിക്കുന്ന വിവിധ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായ വും മാർഗ്ഗ നിർദ്ദേശവും നൽകുക.
2) ഫലപ്രദമായ പ്രക്രിയകളും നടപടികളും വികസിപ്പിക്കുക, തയ്യാറാക്കുന്ന പ്ലാനുകളുടെ ഉള്ളടക്കം നിലവാരം, ഫലപ്രാപ്തി, സമയക്ലിപ്തത കൈവരിക്കുന്നു ണ്ടെ എന്നി വക കാര്യങ്ങൾ, വികസിപ്പിച്ചെടുത്ത പ്രക്രിയകളുടെയും നടപടികളുടെയും അടിസ്ഥാനത്തിൽ നിരീക്ഷിക്കുകയും കാലാകാലങ്ങളിൽ പുനരവലോകനം ചെയ്യുകയും ചെയ്യുക.
3) ഇൻ-ഹൗസ് ഫെസിലിറ്റി അല്ലെങ്കിൽ ഔട്ട് സോഴ്സിംഗിലൂടെ, സാങ്കേതിക/ ആസൂത്രണത്തിലുള്ള വൈദഗ്ധ്യം ഉപയോഗപ്പെടുത്താനുള്ള നടപടികൾ വികസിപ്പിക്കുക.
4) ചെക്ക് ലിസ്റ്റുകൾ, ടൂൾകിറ്റുകൾ, കസ്റ്റമൈസ്ഡ് സോഫ്റ്റ്‌വെയറുകൾ, വിശകലന വിദ്യകൾ, പരിശീലന സാമഗ്രികൾ എന്നിവ തയ്യാറാക്കുക പരിശീലന പരിപാടികൾ നടത്തുക എന്നിവ ഉൾപ്പെടെ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനവും മേൽ നോട്ടവും.
5) താഴെ പറയുന്ന പ്ലാൻ സ്കീമുകളുടെ നടത്തിപ്പ്
   - മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ.
   - ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും.
   - എല്ലാ ജില്ലകളിലും പ്രാദേശിക വികസന രൂപരേഖയും സംയോജിത വികസന രൂപരേഖയും തയ്യാറാക്കൽ.
   - നാഷണൽ അർബൻ ഇൻഫർമേഷൻ സിസ്റ്റം.
   - സ്റ്റേറ്റ് അർബൻ ഇൻഫർമേഷൻ സിസ്റ്റം.
   - ഗ്രാമപ്രദേശങ്ങളിൽ നഗര സൗകര്യങ്ങൾ ഒരുക്കുക (PURA)

മേൽ പറഞ്ഞവ കൂടാതെ, കേന്ദ്ര പദ്ധതിയായ അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ രൂപീകരണം എന്ന പദ്ധതിയുടെ സംസ്ഥാനതല നോഡൽ [illegible] ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്) പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - വിജിലൻസ് വിംഗിന്റെ ശാക്തീകരണം - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ ചുമതലകളും അധികാരങ്ങളും മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ (എം.എസ്) നം. 2459/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/10/2013

================================================================

പരാമർശം - 1)സ.ഉ.(ജി ഒ.(എം.എസ്)200/80/ തസ്വഭവ. നമ്പർ ഉത്തരവ്

2) സ.ഉ (കൈ) നം.268/13/ തസ്വഭവ. ,തീയതി 27/07/2013

**ഉത്തരവ്**

കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്ന കാര്യത്തിൽ യാതൊരു ത്വരിതീക്ഷയും ഇല്ലാതെ ഫയലുകൾ കൈകാര്യം ചെയ്തിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി ഫയലുകൾ പരിശോധിക്കുന്നതിനും മറ്റും വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് സെൽ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ധാരാളം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനായി നിലവിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിൽ ഇപ്പോൾ ഉള്ള സീനിയർ ടൗൺ പ്ലാനർക്കു പകരം ഒരു ചീഫ് ടൗൺ പ്ലാനർ ഉൾപ്പെടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം 2 പ്രകാരം വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിജിലൻസ് വിംഗിന്റെ ചുമതലകളും അധികാരങ്ങളും താഴെ സൂചിപ്പിക്കുന്ന വിധം ക്രമീകരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ/ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയും കെട്ടിട നിർമ്മാണം സംബന്ധിച്ച അപാകതകൾ ഉള്ള പക്ഷം അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷ റജിസ്റ്റർ പരിശോധിച്ച് പെർമിറ്റ് നൽകുവാൻ കാലതാമസം വരുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും, പെർമിറ്റ് നൽകുവാൻ കാലതാമസം വരുത്തിയിട്ടുള്ള പക്ഷം അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുവാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

3. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാതിരിക്കുകയും, പ്രൊവിഷണൽ ഓഡറും കൺഫർമേഷൻ ഓഡറും നൽകാതിരിക്കുകയോ നൽകിയശേഷം നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുവാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

4 കെട്ടിട നിർമ്മാണ ചട്ടം ദുർവ്യാഖ്യാനം ചെയ്ത് അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുക.

5. കെട്ടിട നിർമ്മാണ ചട്ടം അപ്പന്റിക്സ്- L-ൽ പ്രതിപാദിച്ചിരിക്കുന്ന ആർക്കിടെക്ട്, എഞ്ചിനീയർ, സൂപ്പർവൈസർ, ടൗൺ പ്ലാനർ എന്നിവർ ചട്ടം ലംഘിക്കുന്നതായി കാണുന്നപക്ഷം അവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുക.

6. ടൗൺ പ്ലാനിംഗ് സ്കീമിന് വിരുദ്ധമായോ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിരുദ്ധമായോ പെർമിറ്റ് നൽകുകയോ, ശുപാർശ നൽകുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

7 നഗരസഭകളിലെ എതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അഴിമതി ആരോപണം ഉള്ള പക്ഷം അവ പരിശോധിച്ച് ശരി ആണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും, കൂടുതൽ നടപടികൾ ആവശ്യമെന്ന് തോന്നുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിലെ വിജിലൻസിന് നിർദ്ദേശം നൽകുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

8. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ കെട്ടിടങ്ങൾ പരിശോധിച്ച് നടപടിക്ക് ശുപാർശ ചെയ്യുക.

9 രാവിലെ 7.00 മണി മുതൽ വൈകിട്ട് 6.00 മണി വരെയോ പരിശോധന പൂർത്തിയാകുന്നതു വരെയോ നിർമ്മാണം നടക്കുന്നതോ നടന്നതോ ആയ പ്ലോട്ടിൽ പരിശോധന നടത്തുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്

10 നിർമ്മാണം അനധികൃതമാണെന്നു കാണുന്ന പക്ഷം അവ നിർത്തി വയ്ക്കുന്നതിനും അവ പൊളിച്ചു മാറ്റുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാത്ത പക്ഷം അവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും, ടൗൺ പ്ലാനിംഗ് ഓഫീസുകളിലേയും ഫയലുകളും, രേഖകളും പരിശോധന സമയത്തു എടുക്കാവുന്നതും പരിശോധനയ്ക്കു ശേഷം തിരിച്ചേൽപ്പിക്കാവുന്നതുമാണ്.

13. ടൗൺ പ്ലാനിംഗ് ഓഫീസുകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും, ഉദ്യോഗസ്ഥരുടെ സേവനവും, വാഹനങ്ങളും എതുസമയത്തും പരിശോധനയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

14. പെർമിറ്റ് വാങ്ങിയ ശേഷം deviation/ചട്ട ലംഘനത്തോടുകൂടി നിർമ്മാണം നടത്തുന്ന പക്ഷം അവ നിർത്തി വയ്ക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. അപകടാവസ്ഥയിൽ നിലനിൽക്കുന്നതോ, നിർമ്മാണം നടക്കുന്നതോ ആയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനും, ആവശ്യമായ സുരക്ഷാ സംവിധാനം ഇല്ലാതെ നടത്തുന്ന നിർമ്മാണങ്ങൾ നിർത്തി വയ്പ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. നിർമ്മാണം നടന്നുകൊണ്ടിരിക്കുമ്പോൾ ആവശ്യമെന്നു തോന്നുന്ന പക്ഷം സുരക്ഷാ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

17 Vigilance & Anti Corruption ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ മറ്റു വകുപ്പുകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സഹായം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സഹായിക്കുക

18 വിജിലൻസ് സ്ക്വാഡ് എല്ലാ ജില്ലകളിലും സുഗമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുക.

19. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുക.

20. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരണമായി അനധികൃത നിർമ്മാണങ്ങൾ/ പരാതികൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുക.

21. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നിലവിൽ രൂപീകരിച്ചിട്ടുള്ള വിജിലൻസ് വിംഗ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിയുടെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കേണ്ടത്.

22. തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ച വിജിലൻസ് സെല്ലിന്റെ പ്രവർത്തന മേഖലയിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ടൗൺ പ്ലാനിംഗ് വകുപ്പിലെ എല്ലാ ഓഫീസുകളും ഉൾപ്പെടുന്നതാണ്.

23 തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ച വിജിലൻസ് സെൽ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്നതാണ്

24 അതാത് മാസത്തെ പരിശോധനാ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ എല്ലാ മാസവും 10-ാം തീയതിക്കു മുമ്പായി സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയിംസ് വർഗീസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം - 695581
(തദ്ദേശസ്വയംഭരണവകുപ്പിന്റെയുംമറ്റ്സർക്കാർവെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ(പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്).
തദ്ദേശസ്വയംഭരണവകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

സെക്ഷൻ ഓഫീസർ